# കേരള സർവ്വകലാശാലാ സെനറ്റ്: ഒരു വനിതയുടെ ചരിത്ര വിജയം

***രൺജിത് തങ്കപ്പൻ***

കാര്യവട്ടം: സ്ത്രീ അബലയല്ലെന്ന് കേരള സർവ്വകലാശാലാ വിമൻസ് ഫോറം പ്രവർത്തകർ പൊരുതിത്തെളിയിച്ചു. കക്ഷി രാഷ്ട്രീയ പരിഗണനകൾക്കതീതമായി ഫോറം നിറുത്തിയ ഡോ. തങ്കമണിയമ്മ പുരുഷമേധാവിത്വ വെല്ലുവിളികളെ അതിജീവിച്ച് സർവ്വകലാശാല സെനറ്റിലേക്കു തെരഞ്ഞെടുക്കപ്പെട്ടു.

കേരള സർവ്വകലാശാലയുടെ ചരിത്രത്തിലാദ്യമായി സർവ്വകലാശാലാ അദ്ധ്യാപകരുടെ മണ്ഡലത്തിൽ നിന്ന് ഒരു വനിത തെരഞ്ഞെടുപ്പിലൂടെ സെനറ്റിലെത്തി. പ്രവർത്തന പാരമ്പര്യമുള്ള സംഘടനകൾപോലും ഒരു അദ്ധ്യാപികയെ സ്ഥാനാർത്ഥിയാക്കാൻ തയ്യാറായിരുന്നില്ല. 'സ്ത്രീകൾക്ക് നേരം വൈകി മീറ്റിംഗുകളിൽ പങ്കെടുക്കാനാവില്ല' എന്നതാണ് അതിനു കാരണമായിപ്പറഞ്ഞിരുന്നത്.

ഇത്തരം കീഴ്വഴക്കങ്ങളെ അതിജീവിക്കാൻ ശക്തവും ചിട്ടയുമായ പ്രവർത്തനരീതി വിമൻസ് ഫോറത്തിന് വേണ്ടിവന്നു. നാല് വർഷം കാലാവധിയുള്ള സെനറ്റിൽ 122 അംഗങ്ങളാണുള്ളത്.

1999 ലെ സെനറ്റ് തെരഞ്ഞെടുപ്പിൽ വനിതകൾക്ക് സ്ഥാനാർത്ഥിത്വം നൽകാൻ പ്രമുഖ സംഘടനകൾ മടികാണിച്ച സാഹചര്യത്തിലാണ് വിമൻസ്ഫോറം, ഒരു വനിതയെ നിർത്തി മൽസരിപ്പിക്കാൻ തീരുമാനിക്കുന്നത്. ഫോറം പൊതുയോഗം ഏകകണ്ഠമായി ഡോ. തങ്കമണിയമ്മയെ സ്ഥാനാർത്ഥിയായി തെരഞ്ഞെടുത്തു. ഫോറം പ്രസിഡൻറു കൂടിയാണ് അവർ.

എന്നാൽ പ്രസംഗം പ്രയോഗത്തിലാക്കാനുള്ള ഈ പരിശ്രമത്തെ സ്ത്രീകളടക്കം തുടക്കം മുതലെ നിരുത്സാഹപ്പെടുത്തി. സഹപ്രവർത്തകരുടെ എതിർപ്പും തങ്കമണിയമ്മയ്ക്കു സഹിക്കേണ്ടിവന്നു. 'ഇരുട്ടിയാൽ സ്ത്രീകൾ പുറത്തിറങ്ങരുതെന്ന' വേദവാക്യമുരുവിട്ട് അദ്ധ്യാപക സംഘടനകളും വിരട്ടി. എങ്കിലും സർവ്വകലാശാലാ നയരൂപീകരണ വേദികളിൽ സ്ത്രീ പ്രാതിനിധ്യം ഉണ്ടാകുന്നത് ഗുണപരമായ പല മാറ്റങ്ങൾക്കും വഴിതെളിക്കുമെന്ന വിശ്വാസം ഒരു കൂട്ടം അദ്ധ്യാപകരെ സഹായസന്നദ്ധരാക്കി.

തെരഞ്ഞെടുപ്പു കുതന്ത്രങ്ങളുടെ ഭാഗമായുള്ള 'അട്ടിമറി'കളെ അതിജീവിക്കാനായെങ്കിലും സ്ത്രീക്ക് മുന്നേറണമെങ്കിൽ ഇന്നും സംഘർഷങ്ങളുടെ നിരവധി പടവുകൾ താണ്ടേണ്ടിവരുമെന്ന് തുടർന്നുള്ള സംഭവങ്ങൾ തെളിയിച്ചു. വിമൻസ് ഫോറത്തെ കരിവാരിത്തേച്ചുകൊണ്ടുള്ള പോസ്റ്ററുകൾ കാമ്പസിലെങ്ങും കണ്ടുതുടങ്ങി. സെനറ്റിലേക്കും സിൻഡിക്കേറ്റിലേക്കും വനിതകൾ മൽസരിക്കുന്നതൊരു മഹാ അപരാധമാണെന്ന മട്ടിലായിരുന്നു ജീവനക്കാർ ബഹുഭൂരിപക്ഷത്തിൻെറയും പ്രതികരണം.

അടുത്തിടെ മലയാള മനോരമ പത്രത്തിലും ഇന്ത്യാ ടുഡെയിലും കലാലയങ്ങളിലെയും ഓഫിസുകളിലേയും സ്ത്രീ പീഡനങ്ങളെക്കുറിച്ചു വന്ന ലേഖനങ്ങൾക്കു പിന്നിൽ വിമൻസ് ഫോറമാണെന്ന് ആക്ഷേപമുണ്ടായി. സർവകലാശാലയിൽ ഇൻേറണൽ അസെസ്മെൻറിൻേറയും ഗവേഷണങ്ങളുടേയും മറവിൽ ലൈംഗിക പീഡനങ്ങൾ നടക്കുന്നതായി പ്രസ്തുത ലേഖനങ്ങളിൽ പറഞ്ഞിരുന്നു.

വിമൻസ് ഫോറം ഈ ആരോപണം നിഷേധിക്കുന്നു. 'ലേഖനങ്ങളിൽ വന്ന കാര്യങ്ങൾ സർവ്വകലാശാലാ സമൂഹത്തിന് അപമാനമുണ്ടാക്കിയെന്നതു സത്യമാണെങ്കിലും വസ്തുതകൾ പരിശോധിച്ച് അന്വേഷണം നടത്തേണ്ടതും, കളവാണെങ്കിൽ അവർക്കെതിരെ നിയമനടപടികൾ എടുക്കേണ്ടതുമാണ്. മറിച്ച് ലേഖനങ്ങളിൽ പറഞ്ഞ കാര്യങ്ങൾ സത്യമാണെങ്കിൽ അത് ശക്തിയായി അപലപിക്കപ്പെടേണ്ടതും ശിക്ഷാർഹവുമാണ്.' വിമൻസ് ഫോറം 'ഇലക്ഷൻ അവലോകനക്കുറിപ്പി'ൽ പറയുന്നു.

എതിർപ്പുകൾക്കിടയിലും വിമൻസ് ഫോറം പ്രവർത്തനങ്ങൾ മുന്നോട്ടു തന്നെയാണ്. മാർച്ച് - 8ന് ലോക വനിതാദിനം സമുചിതം കൊണ്ടാടാൻ അദ്ധ്യാപകരും വിദ്യാർത്ഥിനീ വിദ്യാർത്ഥികളും പോസ്റ്ററുകൾ വിസ്മരിച്ച് സഹകരിച്ചു. 'മോക്ക് പാർലിമെൻറി'ലൂടെ 'വനിതാ സംവരണ ബിൽ: സംഭവിച്ചതും സംഭവിക്കേണ്ടിയിരുന്നതും' വിദ്യാർത്ഥിനികൾ സ്വതസിദ്ധമായ ശൈലിയിൽ അവതരിപ്പിച്ചു.

പഠനം മാത്രമായി മുരടിച്ച കാമ്പസിന് നവജീവൻ നൽകാൻ വിമൻസ് ഫോറം പ്രവർത്തനങ്ങൾ ഏറെ ഉപകരിക്കുന്നുണ്ട്. ഒഴുക്കിനെതിരെയുള്ള ഈ നീന്തൽ കാലഘട്ടത്തിൻെറ അനിവാര്യതയായി മാറുകയാണ്. ☐